# പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2441 — 08.05.2017 -ൽ മറുപടിക്ക്

## കോതമംഗലം മിനിസിവിൽസ്റ്റേഷന്റെ നിർമ്മാണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ആന്റണി ജോൺ | ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) കോതമംഗലം മിനിസിവിൽ സ്റ്റേഷന്റെ നിർമ്മാണം പൂർത്തീകരിച്ചെങ്കിലും, മുനിസിപ്പാലിറ്റിയിൽ നിന്നും, ഉടമസ്ഥാവകാശം സംബന്ധിച്ചുള്ള സാങ്കേതിക തടസ്സത്തിന്റെ പേരിൽ, കെട്ടിട നമ്പറും വൈദ്യുതികണക്ഷനും, വാട്ടർകണക്ഷനും ലഭിക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഉണ്ടെങ്കിൽ സിവിൽ സ്റ്റേഷന് കെട്ടിടനമ്പർ ലഭ്യമാക്കി, പാർട്ടീഷൻ ജോലി പൂർത്തീകരിച്ച് ആഫീസുകൾ എന്നേക്ക് മിനിസിവിൽ സ്റ്റേഷനിലേക്കു മാറ്റാൻ കഴിയുമെന്ന് അറിയിക്കാമോ; | (ബി) മിനി സിവിൽ സ്റ്റേഷന് കോതമംഗലം മുനിസിപ്പാലിറ്റിയിൽ നിന്നും കെട്ടിട നമ്പർ ലഭിച്ചതിന് ശേഷം വൈദ്യുതി, വാട്ടർ കണക്ഷനുകൾ ലഭ്യമാക്കുകയും പൊതുമരാമത്ത് കെട്ടിട വിഭാഗം പാർട്ടീഷ്യൻ ജോലി പൂർത്തീകരിച്ച് നൽകുകയും ചെയ്യുന്ന മുറയ്ക്ക് ആഫീസുകൾ മിനി സിവിൽ സ്റ്റേഷൻ കെട്ടിടത്തിലേയ്ക്ക് മാറ്റി പ്രവർത്തിപ്പിക്കുന്നതാണ്. |
| (സി) ഈ വിഷയത്തിലെ നിലവിലുള്ള സ്ഥിതി വ്യക്തമാക്കാമോ? | (സി) കോതമംഗലം മിനി സിവിൽ സ്റ്റേഷൻ കെട്ടിടത്തിന്റെ 5 നിലകളുടെ പണി പൂർത്തീകരിച്ചിട്ടുള്ളതാണ്. ഓഫീസുകളുടെ ക്യാബിനുകൾ തിരിക്കുന്ന ജോലിയും ടോയിലറ്റ് സൗകര്യങ്ങൾ ഏർപ്പെടുത്തുന്ന ജോലികളും ആറാമത്തെ നിലയുടെ നിർമ്മാണ പ്രവർത്തനങ്ങളും ബാക്കി നിൽക്കുന്നതാണ്. അഗ്നി സുരക്ഷാ ക്രമീകരണങ്ങൾ മൂന്ന് നിലകൾ വരെ മാത്രമേ പൂർത്തീകരിച്ചിട്ടുള്ളൂ. 17 ഓഫീസുകൾ ടി സിവിൽ സ്റ്റേഷനിലേയ്ക്ക് മാറ്റി പ്രവർത്തിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ